പ്രകാരം ഉത്തരവായിട്ടുണ്ട്. 27-5-2015-ലെ സ.ഉ.(സാധാ)നമ്പർ 1577/15/ ത.സ്വ. ഭ.വ. ഉത്തരവുപ്രകാരം ഇടുക്കി ജില്ലയിലെ ജനറൽ വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്കായി "ജവഹർ ഭവനപദ്ധതി" എന്ന പേരിൽ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ നിർവ്വഹണ കാലാവധി 2012 മാർച്ച് 31-ന് അവസാനിച്ചുവെങ്കിലും 27-2-2012 സ.ഉ.(എംഎസ്.) നമ്പർ 52/12/ത.സ്വ.ഭ.വ. മുഖേന പ്രസ്തുത തീയതിക്കുമുമ്പ് എഗ്രിമെന്റ് വച്ച ഗുണഭോക്താക്കൾക്ക് ധനസഹായ തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2014-15-ൽ അവസാനിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ IHSDP പദ്ധതിയുടെ കാലാവധി 2017 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. 2011 ജൂണിൽ ആരംഭിച്ച രാജീവ് ആവാസ് യോജനയുടെ ഭാഗമായി ചേരിപ്രദേശത്തെ ജനങ്ങൾക്ക് പാർപ്പിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും നൽകിവരുന്നു. കൂടാതെ 11-3-2013-ലെ സ.ഉ.(എംഎസ്.)നമ്പർ 83/13/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇന്ദിരാ ആവാസ് യോജന അല്ലാതെ മറ്റ് ഭവനപദ്ധതികൾ നിലവിലില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതിയ ഭവനപദ്ധതി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം രാജീവ് ആവാസ് യോജന മുഖേന മുനിസിപ്പൽ കോർപ്പറേഷനുകളിൽ 83 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. IHSDP പദ്ധതി പ്രകാരം നഗരസഭയിൽ 3758 വീടുകൾ പൂർത്തീകരിക്കുകയും 2962 വീടുകളുടെ പുനരുദ്ധാരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഐ.എ.വൈ. മുഖേന കഴിഞ്ഞ നാലുവർഷം 1,93,005 വീടുകൾ അനുവദിച്ചിട്ടുണ്ട്.

(സി) വകുപ്പുതല അവലോകനം കൂടാതെ പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിനും പദ്ധതി നടത്തിപ്പിലുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് മാസംതോറുമുള്ള സാമ്പത്തിക പുരോഗതി വിലയിരുത്തുന്നതിനും മറ്റുവകുപ്പുകളുമായുള്ള സംയോജനത്തിനും മറ്റുമായി പ്രത്യേക സംവിധാനം ആസൂത്രണ വകുപ്പിൽ നിലവിലുണ്ട്.

ഇന്ദിരാ ആവാസ് യോജന 2011-12

46 (2679) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിര ആവാസ് യോജനയിൽ 2011-12-ൽ സംസ്ഥാനത്ത് ആകെ എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇന്ദിര ആവസ് യോജന പ്രകാരം വിവിധ വിഭാഗങ്ങൾക്ക് 2011-12-ൽ ഓരോ യൂണിറ്റിനും നിശ്ചയിക്കപ്പെട്ട സാമ്പത്തിക സഹായം എത്രയാണ് ;

(സി) 2011-12-ൽ വിവിധ വിഭാഗങ്ങൾക്ക് ആകെ എത്ര സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടതുണ്ടായിരുന്നു ;

(ഡി) 2011-12-ൽ ആകെ എത്ര സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി ;

(ഇ) 2011-12 പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര വീടുകൾ പൂർത്തീകരിക്കുകയുണ്ടായി ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഐ.എ.വൈ.യുടെ യൂണിറ്റ് കോസ്റ്റ് എല്ലാ വിഭാഗങ്ങൾക്കും 48,500 രൂപയാണ്. എന്നാൽ, സംസ്ഥാനത്ത് ഇത് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2.5 ലക്ഷം രൂപയായും 15-9-2011 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 2011-12-ലെ ഐ.എ.വൈ. നടപ്പിലാക്കുവാൻ ആകെ 24213.4 ലക്ഷം രൂപ ലഭ്യമാക്കേണ്ടതുണ്ടായിരുന്നു.

(ഡി) 2011-12-ൽ 23982.3 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) 2011-12-ൽ 52,010 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

2012-13-ലെ 'ഇന്ദിരാ ആവാസ് യോജന'

47 (2680) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ൽ 'ഇന്ദിരാ ആവാസ് യോജന' പദ്ധതിയുടെ ഗുണഭോക്താക്കളായി സംസ്ഥാനത്ത് ആകെ എത്രപേരെ തെരഞ്ഞെടുത്തു ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly